4/2011/എസ്.സി.റ്റി. എന്ന വിജിലൻസ് അന്വേഷണത്തിൽ ശ്രീ. അരുൺ കുമാറിന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ വിദേശയാത്രകളുടെ വിശദാംശങ്ങളും സ്വത്തുസമ്പാദനവും സംബന്ധിച്ച ആരോപണവും അന്വേഷിച്ചു അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ സൂക്ഷ്മപരിശോധനയിലാണ്.

(ബി) വി.ഇ. 4/2011/ എസ്.സി.റ്റി. എന്ന വിജിലൻസ് അന്വേഷണത്തിൽ തിരുവനന്തപുരം ഗോൾഫ് ക്ലബ്ബിലും കോഴിക്കോട് കോസ്മോപൊളിറ്റൻ ക്ലബ്ബിലും അംഗത്വമുള്ള ശ്രീ. വി. എ. അരുൺകുമാറിന്റെ സാമ്പത്തിക സ്രോതസ്സ് സംബന്ധിച്ച ആരോപണത്തെക്കുറിച്ചും അന്വേഷിച്ചു.

(സി) ചെറി എന്റർപ്രൈസസ് എന്ന സ്ഥാപനവുമായി ശ്രീ. വി. എ. അരുൺ കുമാറിന്റെ ബിസിനസ്സ് ബന്ധങ്ങൾ സംബന്ധിച്ച ആരോപണത്തെക്കുറിച്ചും വി.ഇ. 4/2011/ എസ്.സി.റ്റി. എന്ന വിജിലൻസ് അന്വേഷണത്തിൽ അന്വേഷണം നടത്തി.

(ഡി) ശ്രീ. വി. എ. അരുൺകുമാർ, ദീപ്തി പ്രസേനൻ എന്നിവർ ചതുപ്പുനിലം നികത്തുവാൻ ഒത്താശ ചെയ്യാമെന്ന് പറഞ്ഞ് പണം വാങ്ങി ചതിച്ചത് സംബന്ധിച്ച് ശ്രീ. സന്തോഷ് മാധവൻ ജയിൽ സൂപ്രണ്ട് മുഖേന മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്ക് സമർപ്പിച്ച പരാതിയിൽ 20-9-2011-ലെ 7967/ ഇ 3/2011/ വിജി നമ്പർ സർക്കാർ കത്തുപ്രകാരം ഉത്തരവിട്ടതിൻ പ്രകാരം വി.ഇ. 20/2011 എസ്.ഐ.യു. -II എന്ന അന്വേഷണം നടത്തി. മേൽ നടപടികൾ ആവശ്യമില്ലെന്ന ശിപാർശയോടെ 6-6-2012-ന് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിന്മേൽ പ്രോസിക്യൂഷൻ ഡെപ്യൂട്ടി ഡയറക്ടർ (വിജിലൻസ്) നൽകിയ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ലോക്കൽ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് ആഭ്യന്തരവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പാറ്റൂർ ഫ്ലാറ്റ് ഭൂമി തട്ടിപ്പ്

343 (321) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറ്റൂർ ഫ്ളാറ്റ് ഭൂമി തട്ടിപ്പ് സംബന്ധിച്ച് വിജിലൻസ് അധികൃതർ ലോകായുക്തയ്ക്ക് ഏതെല്ലാം തീയതികളിലായി എത്ര റിപ്പോർട്ടുകൾ നല്കുകയുണ്ടായിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിജിലൻസ് റിപ്പോർട്ടുകളുടെ ഓരോ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടുകൾ മുഖ്യമന്ത്രിയുടെ പരിഗണനയ്ക്ക് എപ്പോഴെങ്കിലും സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) മുഖ്യമന്ത്രിയെ സംബന്ധിച്ച പ്രസ്തുത റിപ്പോർട്ടുകളിലെ പരാമർശങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ലോകായുക്തയുടെ നിർദ്ദേശപ്രകാരം ലോകായുക്ത ആക്ട് സെക്ഷൻ 16 (3) പ്രകാരം എ.ഡി.ജി.പി. ജേക്കബ്ബ് തോമസിനെ പാറ്റൂർ ഭൂമി ഇടപാട് സംബന്ധിച്ച് അന്വേഷണം നടത്താൻ ലോകായുക്ത ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ റിപ്പോർട്ട് ടിയാൻ ലോകായുക്തയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. അത് ലോകായുക്തയിൽ കേസ്സിന്റെ അന്വേഷണത്തിൽ ഉള്ളതായതുകൊണ്ട് ലോകായുക്ത ആക്ട് സെക്ഷൻ 17 പ്രകാരം സഭയുടെ മേശപ്പുറത്ത് വയ്ക്കുവാൻ നിർവ്വാഹമില്ല.

(സി&ഡി) ലോകായുക്ത മുൻപാകെ സമർപ്പിച്ച റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല.

ടൈറ്റാനിയം അഴിമതി കേസ്

344 (322) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൈറ്റാനിയം അഴിമതി കേസിൽ ഹൈക്കോടതി നല്കിയിരുന്ന സ്റ്റേ പിൻവലിക്കപ്പെട്ട സാഹചര്യത്തിൽ, വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്മേൽ, കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ 28-8-14-ൽ എൻക്വയറി കമ്മീഷൻ ആന്റ് സ്പെഷ്യൽ ജഡ്ജ് പുറപ്പെടുവിച്ച ഉത്തരവ് നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(ബി) ആരോപിതരായവരെ പ്രതിയാക്കി, കേസ് രജിസ്റ്റർ ചെയ്യുന്നതിന് തടസ്സങ്ങൾ നിലനില്ക്കുന്നുണ്ടോ;

(സി) ആരോപിതരായിട്ടുള്ള എല്ലാവരെയും പ്രതിചേർത്ത് കേസ് രജിസ്റ്റർ ചെയ്യേണ്ട ചുമതല ആർക്കാണ്; ചുമതല നിയമാനുസൃതം പാലിക്കപ്പെട്ടിട്ടുണ്ടോ;

(ഡി) എന്തെല്ലാം പരാതികളാണ് അന്വേഷണ വിധേയമാക്കിയിരുന്നത്; പരാതികളിൽ ആരോപിതർ ആരൊക്കെയായിരുന്നു; നിലവിൽ രജിസ്റ്റർ ചെയ്ത എഫ്.ഐ.ആറിൽ പ്രതികൾ ആരൊക്കെയാണ്; എഫ്.ഐ.ആർ.-ന്റെ പകർപ്പ് ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly